(ബി) ടി ശുദ്ധജല-വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ചെല്ലക്കാട്, തേക്കുമല എന്നീ ബൂസ്റ്റർ പമ്പ് ഹൗസുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് കരാർ നൽകിയെങ്കിലും പണികൾ പൂർത്തീകരിച്ചിട്ടില്ല. പണി എത്രയും വേഗത്തിൽ പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് പുറമേ വൈദ്യുതി കണക്ഷനും ലഭ്യമാകേണ്ടതുണ്ട്. പഴവങ്ങാടി പഞ്ചായത്തിലേക്കുള്ള പി.വി.സി. ഗ്രാവിറ്റി ലൈൻ പൊതുമരാമത്ത് വകുപ്പിന്റെ കലുങ്ക് നിർമ്മാണം മൂലം തകരാറിലായിട്ടുണ്ട്. ഇത് നന്നാക്കുന്നത് ശബരിമല സീസണിന് ശേഷമേ കഴിയുകയുള്ളൂ. ഈ പ്രവർത്തികളും പമ്പ് സെറ്റ് സ്ഥാപിക്കുന്ന പണികളും ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുലമൺതോട് നവീകരണം

155 (2710) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോട് നവീകരണത്തിന് കരാർ ഉറപ്പിച്ചത് എന്നാണ് ; കരാർ തുക എത്രയാണ് ;

(ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ് ;

(സി) നിർമ്മാണ പ്രവൃത്തികൾ വളരെ മന്ദഗതിയിൽ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അതിപ്രധാന ജലസ്രോതസ്സായ പുലമൺതോടിന്റെ നവീകരണം പൂർണ്ണമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പുലമൺ തോട് നവീകരണത്തിന് കരാർ ഉറപ്പിച്ചത് 3-12-2013-ലാണ്.

കരാർ തുക 2,98,10,331 രൂപ

(ബി) കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ 12-12-2013-ന് സൈറ്റ് ഏറ്റെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 12-12-2013-ൽ സൈറ്റ് കരാറുകാരൻ ഏറ്റെടുത്ത് പണി ഇടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുരോഗതി കുറവാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ കരാറുകാരന് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും പുരോഗതി ഉണ്ടാകാത്തതിനാൽ 8-10-2014-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കരാർകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് വിളിച്ച് കൂട്ടുകയും വിഭാവനം ചെയ്ത രീതിയിൽത്തന്നെ പണി തീർക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അത് അനുസരിച്ച് പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിച്ച് വരികയും ചെയ്യുവരുന്നു. പണി തീർക്കുവാൻ വേണ്ട ഇടർനടപടികൾ വകുപ്പ തലത്തിൽ സ്വീകരിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിൽ മുനയത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

156 (2711) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിൽ കരുവന്നൂർ പുഴയുടെ കുറുകെ മുനയത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനുശേഷവും ടെൻഡർ ചെയ്ത പ്രവൃത്തി ഉടങ്ങാനുള്ള കാലതാമസത്തിനു കാരണം വിശദമാക്കാമോ ;

(ബി) ബണ്ട് നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(സി) സാങ്കേതികാനുമതി നൽകി പ്രവൃത്തി ഉടങ്ങുവാൻ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മുനയം റെഗുലേറ്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 1066/2013/ജവിവ തീയതി 1-10-2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ഇടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly